**പെരുന്നാൾഖുത്വ്ബ**
**11.1.2006**
**ഖാദിയാൻ, ദാറുൽഅമാൻ**

# ഇസ്മായീൽനബിയുടെ ത്യാഗവും വഖ്ഫെ നൗ കുട്ടികളും

فَلَمَّا بَلَغَ مَعَهُ السَّعْيَ قَالَ يٰبُنَيَّ إِنِّيْ أَرٰى فِي
الْمَنَامِ أَنِّيْ أَذْبَحُكَ فَانْظُرْ مَاذَا تَرٰى قَالَ
يٰٓأَبَتِ افْعَلْ مَا تُؤْمَرُ سَتَجِدُنِيْٓ إِنْ شَآءَ اللّٰهُ
مِنَ الصّٰبِرِيْنَ ۝١٠٣
فَلَمَّآ أَسْلَمَا وَتَلَّهُ لِلْجَبِيْنِ ۝١٠٤
وَنَادَيْنٰهُ أَنْ يّٰٓإِبْرٰهِيْمُ ۝١٠٥
قَدْ صَدَّقْتَ الرُّءْيَا إِنَّا كَذٰلِكَ نَجْزِي الْمُحْسِنِيْنَ ۝١٠٦
إِنَّ هٰذَا لَهُوَ الْبَلٰٓؤُا الْمُبِيْنُ ۝١٠٧
وَفَدَيْنٰهُ بِذِبْحٍ عَظِيْمٍ ۝١٠٨

ഇന്ന് ബലിപെരുന്നാളാണ്. ഇതിന് വലിയപെരുന്നാളെന്നും, ഈദുൽഅസ്ഹാ എന്നും പറയാറുണ്ട്. സാമ്പത്തികശേഷിയുള്ളവരും വഴിയിൽ തടസ്സങ്ങളൊന്നും ഇല്ലാത്തവരുമായ മുസ്‌ലിംകൾ മക്ക മുകർറമയിൽ പോയി ഹജ്ജ് എന്ന നിർബന്ധകടമയും നിറവേറ്റുന്നു. പക്ഷേ, സാമ്പത്തികശേഷിയും ആഗ്രഹവും ഉണ്ടായിട്ടും ശർറും ഫിത്നയും കാരണത്താൽ പാക്കിസ്ഥാനിൽനിന്നും ചില മുസ്‌ലിംരാഷ്ട്രങ്ങളിൽ നിന്നുമുള്ള അഹ്മദികൾക്ക് ഈ നിർബന്ധ കടമ നിറവേറ്റാൻ സാധിക്കുന്നില്ല. എന്തായാലും ഹദ്റത്ത് ഇബ്റാഹീം അലയ്ഹിസ്സലാമിന്റേയും അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് ഇസ്മായിൽ(അ)ന്റേയും അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഹാജറയുടേയും ത്യാഗത്തിന്റെ ആ ഉദാത്തമായ നിലയെ സ്മരിച്ചും പിൻപറ്റിയും കൊണ്ടുമാണ് ഈ ഹജ്ജ് എന്ന നിർബന്ധകടമ നിർവഹിക്കപ്പെടുന്നത്. അത് അല്ലാഹു വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഞാൻ പാരായണം ചെയ്ത വചനങ്ങളിൽ ഈ കുടുംബത്തിന്റെ ത്യാഗം ചിത്രീകരിച്ചിരിക്കുകയാണ്. അതിന്റെ തർജ്ജമ ഇങ്ങനെയാകുന്നു.

അങ്ങനെ അവൻ അദ്ദേഹത്തിനോടൊപ്പം ഓടുകയും ചുറ്റിനടക്കുകയും ചെയ്യുന്ന പ്രായമെത്തിയപ്പോൾ, അദ്ദേഹം പറഞ്ഞു: എന്റെ പ്രിയപ്പെട്ട മകനേ, ഞാൻ ഉറങ്ങുമ്പോൾ നിന്നെ അറുക്കുന്നതായി കാണുന്നു. അതുകൊണ്ട് നീ ചിന്തിച്ചുനോക്കുക. എന്താണ് നിന്റെ അഭിപ്രായം. അവൻ പറഞ്ഞു: 'എന്റെ പ്രിയ പിതാവേ, താങ്കളോടു ആജ്ഞാപിക്കപ്പെടുന്നത് ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നതായാൽ തീർച്ചയായും സഹനം കൈക്കൊള്ളുന്നവരിൽ ഒരുത്തനായി താങ്കൾക്കെന്നെ കാണാം. അങ്ങനെ അവരിരുവരും തൃപ്തിപ്പെടുകയും അദ്ദേഹം അവനെ ചെന്നിയിൽ ചരിച്ചുകിടത്തുകയും ചെയ്തപ്പോൾ, അദ്ദേഹത്തെ നാം വിളിച്ചുപറഞ്ഞു: 'ഓ, ഇബ്റാഹീം! തീർച്ചയായും നീ നിന്റെ സ്വപ്നത്തെ നിറവേറ്റിക്കഴിഞ്ഞിരിക്കുന്നു. നന്മ പ്രവർത്തിക്കുന്നവർക്ക് ഇപ്രകാരം തന്നെയാണ് നാം പ്രതിഫലം നല്കാറുള്ളത്. അത് സ്പഷ്ടമായൊരു പരീക്ഷണം തന്നെയായിരുന്നു. നാം ഒരു മഹത്തായ ബലികർമ്മം മുഖേന അവന് പ്രായശ്ചിത്തം നല്കി. പിൻതലമുറകളിൽ അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ നാം നിലനിറുത്തുകയും ചെയ്തു. (37:103-109)

താൻ കണ്ട സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ മൂത്തവനും, പ്രിയപ്പെട്ടവനും, വാർദ്ധക്യകാലത്ത് ജനിച്ചവനുമായ തന്റെ പൊന്നോമനമകനെ ബലിയറുക്കാൻ തയ്യാറായിക്കൊണ്ട് എത്ര മഹത്തായ മാതൃകയാണ് ആ പിതാവ് സ്ഥാപിച്ചുകാണിച്ചതെന്ന് നോക്കുക. മകനും ആ ത്യാഗത്തിൽ പങ്കെടുത്തുകൊണ്ട് അല്ലാഹുവിന്റെ ഈ നിർദ്ദേശം മുഖേന ലഭിക്കേണ്ട പ്രതിഫലത്തിൽ ഭാഗഭാക്കായി. മകനോടു പറഞ്ഞു, ഞാനിങ്ങനെ സ്വപ്നം കണ്ടു. ഈ സന്ദേശം തീർച്ചയായും അല്ലാഹുവിൽനിന്നുള്ളതാണ്. നിന്റെ അഭിപ്രായമെന്താണെന്ന് നീ തന്നെ പറയുക. ത്യാഗത്തിന്റേയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്റേയും ഉദാത്തമായ നില സ്ഥാപി

ച്ചുകൊണ്ട് എത്ര മനോഹരമായ മറുപടിയാണ് മകനും നല്കിയത്. എന്റെ പിതാവേ, അല്ലാഹു കല്പിച്ചത് താങ്കൾ ചെയ്യുക. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ അങ്ങയുടെ പരിശുദ്ധസന്തതിയാണ്. അങ്ങയുടെ പരമ്പരയിൽപെട്ടവനാണ്. അങ്ങ് എനിക്ക് നല്കിയ ശിക്ഷണം കാരണത്താൽ ഞാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള ഉന്നതനില സ്ഥാപിക്കുന്നവനാണ്. അതിനാൽ ഞാൻ ഒരിക്കലും നിഷേധിക്കുന്നില്ല. അങ്ങ് കത്തിയെടുക്കുക. എന്റെ കഴുത്ത് അറുക്കുക. സബ്റിന്റെ– ക്ഷമയുടെ എത്തരത്തിലുള്ള ഉന്നത മാതൃകയാണ് ഞാൻ സ്ഥാപിക്കുന്നതെന്ന് അങ്ങേയ്ക്ക് കാണാൻ കഴിയും. ലോകാവസാനംവരെ എടുത്തുപറയുന്ന രീതിയിലുള്ള മാതൃകയായിരിക്കും ഞാൻ കാഴ്ചവെക്കുക. പക്ഷേ, ജനങ്ങളുടെ മുമ്പിൽ മാതൃക നാട്ടുന്നതിനുവേണ്ടി തന്റെ ദാസരിൽനിന്ന് ത്യാഗം എടുക്കുന്ന അല്ലാഹു, ത്യാഗങ്ങൾ എന്തെന്ന് നിനക്കെന്തറിയാമെന്ന് പറഞ്ഞ് ആരും ആക്ഷേപം ഉന്നയിക്കാതിരിക്കാനാണ് അവരെ പരീക്ഷിക്കുന്നത്. അതുകൊണ്ട് ഈ ത്യാഗങ്ങളും പരീക്ഷണങ്ങളും അവരെ അല്ലാഹുവിനോട് കൂടുതൽ അടുപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ആദ്യത്തേക്കാൾ കൂടുതൽ അല്ലാഹുവിന്റെ സ്നേഹദൃഷ്ടി അവരിൽ പതിക്കുന്നു.

ഇവിടേയും, തന്റെ രണ്ട് ദാസന്മാരും പരീക്ഷണത്തിൽ അകപ്പെടാൻ തയ്യാറായിരിക്കുന്നുവെന്ന് അല്ലാഹു കണ്ടപ്പോൾ, ക്ഷണത്തിൽ തന്റെ പ്രിയദാസനോട് പറഞ്ഞു: മതി, നീ കണ്ട സ്വപ്നം പൂർത്തിയാക്കി കഴിഞ്ഞിരിക്കുന്നു. മകനും അത് നിറവേറ്റിക്കഴിഞ്ഞിരിക്കുന്നു. പൂർത്തിയാക്കികാണിച്ചുവെന്നു മാത്രമല്ല, അതിന്റെ ഉന്നതമായ അവസ്ഥ സ്ഥാപിച്ചു കാണിക്കുകയും ചെയ്തു. ഇപ്പോൾ വലിയതിൽ വലിയതായ ത്യാഗങ്ങൾപോലും ചെയ്യാൻ നീ പ്രാപ്തനായിക്കഴിഞ്ഞിരിക്കുന്നു. ഈ ബലി അറുക്കുക എന്ന ത്യാഗം ബാഹ്യത്തിൽ പൂർത്തിയാക്കുന്നതിനായി ഒരു മുട്ടാടിനെ അറുക്കുക. പക്ഷേ, ഇതിനേക്കാൾ വലിയ ത്യാഗമാണ് നീ ചെയ്തുകൊണ്ടിരിക്കുന്നത്. അത് സ്ഥിരമായിട്ട് ചെയ്യാനുള്ളതുമാണ്. മരുഭൂമിയിൽ താമസിച്ച് എപ്പോഴും ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുക എന്നതാണത്. ഓരോ നിമിഷവും മരണത്തെ മുന്നിൽ കാണുക. ഈ ത്യാഗമാണ് നിന്നെ എന്റെ സമീപസ്ഥനാക്കിയിരിക്കുന്നത്. ആവേശത്തള്ളിച്ചയാൽ മരണത്തിന്റെ വായിലേക്ക് പലരും തള്ളിക്കയറാറുണ്ട്. എന്നാൽ, എപ്പോഴുമുള്ള വികാരത്തിന്റെ ത്യാഗം, എപ്പോഴും മരണത്തെ അഭിമുഖീകരിക്കുക എന്നത് ഒരു വലിയ അവസ്ഥ ആവശ്യമുള്ള കാര്യമാണ്. അത് ഹദ്റത്ത് ഇബ്റാഹീമും, ഹദ്റത്ത് ഹാജറായും, ഹദ്റത്ത് ഇസ്മായീലും ചെയ്തതാണ്. ഇങ്ങനെ ത്യാഗത്തിന്റെ ആ ഉന്നതമായ നില സ്ഥാപിച്ച കാരണത്താൽ അതിനെ സ്മരിച്ചുകൊണ്ടാണ് ഹജ്ജ് ചെയ്യുന്നത്. എവിടെയൊക്കെ മുസ്ലിംകളുണ്ടോ, അവിടെയൊക്കെ ഈദ്ഗാഹ് സംഘടിപ്പിച്ച് അവിടം നിറയ്ക്കുന്നു. കഴിവുള്ളവർ മൃഗങ്ങളെ ബലിയറുക്കുന്നു. എന്നാൽ, ബാഹ്യമായി ഈ ബലി അല്ലെങ്കിൽ ആ ബലിയെക്കുറിച്ച് പറയുകയോ കേൾക്കുകയോ ചെയ്യൽ അല്ലാഹുവിന്റെ സമീപസ്ഥനാക്കുകയില്ലെന്ന കാര്യം ഓർക്കേണ്ടതാണ്. ആ മഹത്തായ ത്യാഗത്തെക്കുറിച്ച് വിശുദ്ധഖുർആൻ നമുക്ക് വിശദീകരിച്ചു പറഞ്ഞുതന്നു. അത് നബി(സ) തിരുമേനിക്ക് 2700, 2800 വർഷം മുമ്പേ നടന്നതാണ്. ബൈബിളിലും ഇതിനെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ, വിശുദ്ധഖുർആൻ ശരിയായ നിലയിൽ ആ മഹത്തായ ത്യാഗത്തെക്കുറിച്ച് നമുക്ക് പറഞ്ഞുതന്നു. അത് ഓർമ്മവയ്ക്കേണ്ട ത്യാഗമാണ് എന്നതാണ് സത്യം.

ഞാൻ പറഞ്ഞുവന്നത് ആ കുടുംബം വരിച്ച മഹത്തായ ആ ത്യാഗം നമ്മൾ വർഷന്തോറും വെറും പെരുന്നാൾ ആഘോഷിച്ചതുകൊണ്ടോ, കഴിവുള്ളവർ ഹജ്ജ് ചെയ്തതുകൊണ്ടോ അല്ലെങ്കിൽ മൃഗങ്ങളെ അറുത്തതുകൊണ്ടോ നിറവേറ്റപ്പെടുകയില്ല. അതിനുവേണ്ടി അല്ലാഹുവിന്റെ ആ പ്രിയപ്പെട്ടവരുടെ മനസ്സിലുണ്ടായിരുന്ന ആ തഖ്വ നമുക്കുണ്ടാക്കേണ്ടതായിവരും. എന്നല്ല, ഹദ്റത്ത് ഹാജറയുടെ മനസ്സും തഖ്വകൊണ്ട് നിറഞ്ഞിരുന്നു. അല്ലാഹുവിന്റെ കല്പനയാലാണ് ഞാൻ നിന്നെ ഈ മരുഭൂമിയിൽ ഉപേക്ഷിച്ചുപോകുന്നതെന്ന് ഹദ്റത്ത് ഇബ്റാഹീം(അ) പറഞ്ഞപ്പോൾ സർവ്വതും അല്ലാഹുവിൽ സമർപ്പിക്കുന്നതിന്റെ മഹത്തായ മാതൃക സ്ഥാപിച്ചുകൊണ്ട് അവർ പറഞ്ഞു: 'എന്നാൽ, അല്ലാഹു ഞങ്ങളെ നഷ്ടത്തിലാക്കുകയില്ല.' ആ തവക്കുലും ആ തഖ്വയും നമുക്കുണ്ടാക്കേണ്ടതായി വരും.

അല്ലാഹു ആ ത്യാഗം നഷ്ടപ്പെടുത്തിയില്ല. എന്നുമാത്രമല്ല ആ സന്താനപരമ്പരയിൽ ഖാത്തമുന്നബിയ്യീൻ എന്നു പറയപ്പെട്ട മഹാനായൊരു നബിയെ എഴുന്നേല്പിച്ചു. അദ്ദേഹത്തിന്റെ കോന്തല പിടിക്കാതെ ഇനി ആർക്കും അല്ലാഹുവിലേക്ക് എത്താൻ കഴിയില്ല. ആ നബിയും ത്യാഗങ്ങളുടെ അവസ്ഥ എന്നല്ല മുമ്പുള്ളതിനേക്കാൾ മികച്ച അവസ്ഥ സ്ഥാപിക്കുകയും ചെയ്തു. ജീവിതത്തിന്റെ അവസാന നിമിഷംവരെ നിരന്തരം അത് നിറവേറ്റിക്കൊ

ണ്ടിരുന്നു. ആ മഹത്തായ ത്യാഗത്തിന്റെ മാതൃക കാണിക്കുന്നതിനുവേണ്ടിയാണ് ഹദ്റത്ത് ഇസ്മായിൽ(അ)ന്റെ ജീവൻ രക്ഷിച്ചത്. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ ആ മഹത്തായ ത്യാഗം ചെയ്യുന്നയാൾ ജനിക്കുകയും ചെയ്തു. ഇതുമാത്രമല്ല, നബി(സ) തിരുമേനിയുടെ ആത്മീയ ശക്തിപ്രഭാവം കൊണ്ട് അദ്ദേഹത്തിന്റെ സഹാബിമാരും അതേതരത്തിലുള്ള ത്യാഗങ്ങൾ വരിച്ച് കടന്നുപോയി.

ഇന്ന് നാം നബിമാരുടെ നേതാവും ഖാത്തമുൽ അമ്പിയാവും ആയ നബി(സ)യുടെ അനുയായികളാണെന്ന് വാദിക്കുന്നു. അതുകൊണ്ട് നാം ഈ ത്യാഗത്തെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. പെരുന്നാളാഘോഷിക്കണമെന്നുള്ളതുകൊണ്ട് മാത്രമാണോ നാം ഇന്ന് പെരുന്നാളാഘോഷിക്കുന്നത്? ഖുർബാനിയുടെ മാംസം തിന്നുന്നതിനുവേണ്ടി മാത്രമാണോ ഇന്ന് നാം ബലിയറുക്കുന്നത്? വലിയവനാണെന്നും സമ്പന്നനാണെന്നും ജനങ്ങളെ അറിയിക്കുന്നതിനു വേണ്ടിയാണോ വിലകൂടിയ മൃഗങ്ങളെ വാങ്ങി അറുക്കുന്നത്? അങ്ങനെയാണെങ്കിൽ, ഹദ്റത്ത് ഇബ്റാഹീം, ഹദ്റത്ത് ഇസ്മായിൽ(അ) എന്നിവരെ എടുത്തുദ്ധരിച്ചുകൊണ്ട് അവരുടെ ത്യാഗങ്ങൾ സ്മരിച്ച് പെരുന്നാളാഘോഷിക്കാൻ അല്ലാഹു നിർദ്ദേശിച്ച ആ പെരുന്നാളല്ല നാം കൊണ്ടാടുന്നത്. ആ മഹത്തായ ത്യാഗത്തെ ഓർമ്മിച്ചുകൊണ്ട് നമ്മെ അല്ലാഹുവിന്റെ സമീപസ്ഥനാക്കുംവിധമുള്ള പെരുന്നാളാണ് നാം കൊണ്ടാടേണ്ടത്. ആ ത്യാഗങ്ങളാണ് നാം വരിക്കേണ്ടത്. ഈ പെരുന്നാളും ത്യാഗങ്ങളും ഭയഭക്തിയിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്നതാണെങ്കിൽ അത് അല്ലാഹുവിന് ആവശ്യമില്ല. ആരുടെ മൃഗമാണ് ഒരുമന്ന് തൂക്കമുള്ളത് അല്ലെങ്കിൽ ആരുടെ മൃഗമാണ് അതിനേക്കാൾ കൂടുതൽ തൂക്കമുള്ളത്, ആരുടെ മൃഗമാണ് വിലകൂടിയത് തുടങ്ങിയവയൊന്നും അല്ലാഹുവിന്റെ ലക്ഷ്യമല്ല. അല്ലാഹു നോക്കുന്നത് ഈ ബലിയുടെ പിന്നിൽ അതിരറ്റ സ്നേഹം എത്രയുണ്ടെന്നാണ്. ഉൽക്കടമായ ആഗ്രഹം എത്രയുണ്ടെന്നാണ്. അതിനുവേണ്ടിയുള്ള സൽപ്രവൃത്തികൾ ചെയ്യുന്ന ശ്രമം എത്രയുണ്ടെന്നാണ്. അതിലൂടെ അല്ലാഹുവിന്റെ ഈ ദാസൻ ഭയഭക്തിയിൽ പദമൂന്നിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ എത്ര ശ്രമിച്ചുവെന്ന് അറിയാൻ കഴിയണം.

ഓരോ അഹ്മദിയും ഈ വീക്ഷണത്തിലൂടെ തങ്ങളുടെ പെരുന്നാളിനെ വിലയിരുത്തേണ്ടതാണ്. ഇല്ലെങ്കിൽ അല്ലാഹു ഇക്കാര്യങ്ങളൊക്കെ പറഞ്ഞുകൊണ്ട് തന്നോളം ഈ ബലിയുടെ മാംസമോ രക്തമോ എത്തുകയില്ലെന്നും അതിന്റെ പിന്നിലുള്ള നിങ്ങളുടെ ഭക്തിയാണ് എത്തുന്നതെന്നും വ്യക്തമാക്കിയിരിക്കുന്നു. അവൻ പറയുന്നു: ***ലൻയ്യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻയ്യനാലഹുത്തഖ്‌വാ മിൻകും*** അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയഭക്തിയാണ് അവന് എത്തുന്നത്. (22:38)

ഈ തഖ്‌വ അഥവാ ഹൃദയഭക്തിയാണ് ഓരോ അഹ്മദിയും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. ഞാൻ ആദ്യം പറഞ്ഞുവന്നതുപോലെ ഈ തഖ്‌വ തന്നെയായിരുന്നു, ഹദ്റത്ത് ഇബ്റാഹീമിനേയും ഹദ്റത്ത് ഇസ്മായീലിനേയും ഹദ്റത്ത് ഹാജറായേയും (അ) തുടർച്ചയായ ത്യാഗങ്ങൾ വരിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നത്. അതുകൊണ്ട് അവർ തുടരെത്തുടരെ ത്യാഗങ്ങൾ വരിച്ചുകൊണ്ടിരുന്നു. നമ്മളിലോരോരുത്തരും ആ പാഠം ഓർമ്മവയ്ക്കേണ്ടതാണ്. ബാഹ്യമായ കർമ്മം അല്ലാഹുവിന്റെ സാമീപ്യം നൽകുകയില്ല. മറിച്ച്, ഓരോ കർമ്മത്തിന്റേയും പിന്നിലുള്ള ആത്മാവാണ് അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്നത്. അതിനാൽ ഓരോ കർമ്മത്തോടുമൊപ്പം നമ്മുടെ ഉദ്ദേശ്യവും നിർമ്മലമാക്കിവെക്കേണ്ടിവരും. അതുകൊണ്ടാണ് നബി(സ) കർമ്മങ്ങളുടെ പ്രതിഫലം നിയ്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പറഞ്ഞത്. ഈ പെരുന്നാളും ഇതിലെ ബലികളും തഖ്‌വയിലേക്ക് നമ്മുടെ പദമൂന്നാൻ ഉപകരിക്കുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടിയായിരിക്കേണ്ടതാണ്.

നമ്മെ ആത്മാർത്ഥതയോടുകൂടി തന്റെ മുമ്പിൽ പ്രണമിക്കുന്നവരാക്കിത്തീർക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു. നമ്മളിൽനിന്ന് എല്ലാത്തരം ത്യാഗങ്ങളും അവൻ ആവശ്യപ്പെടുന്നു. നമ്മളിൽനിന്ന് തന്റെ പ്രിയപ്പെട്ട സാധനങ്ങൾ ത്യാഗമായി ലഭിക്കാൻ അവൻ ആവശ്യപ്പെടുന്നു. നമ്മുടെ ജീവനും ധനവും സമയവും അഭിമാനവും ത്യാഗം ചെയ്യാൻ നാം സദാ സന്നദ്ധരായിരിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. വിവിധ സ്ഥലങ്ങളിൽ നാം ഇങ്ങനെ പ്രതിജ്ഞ ചെയ്യാറുമുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ പ്രതിജ്ഞ ജമാഅത്തിന്റെ അഹ്ദുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർച്ചയായി ആ ബലിയുടെ ഓർമ്മ നിലനിന്നെങ്കിൽ മാത്രമേ ആ ത്യാഗം നമുക്ക് ജീവനോടെ നിർത്താൻ സാധിക്കുകയുള്ളൂ. നബി(സ) വരിച്ച ത്യാഗങ്ങളെ ജീവനോടെ നിലനിർത്താനും അവിടത്തെ ആത്മീയശക്തിപ്രഭാവംകൊണ്ട് സഹാ

ബത്ത്(റ) വരിച്ച ത്യാഗങ്ങളെ സജീവമായി നില നിർത്താനും നമുക്ക് കഴിയുകയുള്ളു. അവർ വരിച്ച ത്യാഗങ്ങൾ ചെറുതോ നിസ്സാരമോ ആയിരുന്നില്ല. ആ സംഭവങ്ങൾ വായിക്കുമ്പോൾ രോമങ്ങൾ എഴുന്നു നില്ക്കുന്നു. എങ്ങനെയാണ് അവർ തുടർച്ചയായി ത്യാഗങ്ങൾ വരിച്ചുകൊണ്ടിരുന്നത്? തങ്ങളുടെ ഈമാനെ ദുർബ്ബലമാക്കാൻ അവർ അനുവദിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് ആവ ശ്യപ്പെടുന്ന കാര്യങ്ങൾ നിറവേറ്റുമ്പോഴാണ് നമുക്ക് ആ ത്യാഗങ്ങളെ ജീവസ്സുറ്റതാക്കി നിർത്താൻ സാധി ക്കുന്നത്. അതായത്, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവ്വഹിക്കൽ. നമ സ്കാരത്തിലും ആരാധനാകർമ്മങ്ങളിലും മടിയന്മാ രാണെങ്കിൽ നമ്മുടെ ഈ പെരുന്നാളിന്റെ സന്തോഷം വെറും ഭൗതികമായിരിക്കും. നാം ധനം ത്യാഗം ചെയ്യു ന്നില്ലെങ്കിൽ അല്ലാഹു പറഞ്ഞ തഖ്‌വ പ്രാപിക്കുന്ന തിനുവേണ്ടി നമ്മൾ പ്രവർത്തിക്കുന്നില്ല എന്നാണ്. സമസൃഷ്ടികളോടുള്ള കടമ നാം നിറവേറ്റുന്നില്ലെ ങ്കിൽ, സമൂഹത്തിനോടുള്ള വിവിധ കടമകളിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ നമ്മുടെ പ്രവർത്തനം നിരർത്ഥ കമാണ്. കുട്ടികൾ മാതാപിതാക്കളോടുള്ള കടമ നിറ വേറ്റുന്നില്ലെങ്കിൽ, ഭാര്യയും ഭർത്താവും പരസ്പരം അതിക്രമം പ്രവർത്തിക്കുകയാണെങ്കിൽ, സഹോദ രൻ സഹോദരനുമായി സംസാരിക്കുന്നില്ലെങ്കിൽ ഇതെല്ലാം തഖ്‌വയിൽനിന്നകറ്റിക്കൊണ്ടുപോകുന്ന കാര്യങ്ങളാണ്.

അത്തരം അവസ്ഥയിൽ നമസ്കരിക്കുകയാ ണെങ്കിൽത്തന്നെ അത് അല്ലാഹുവിനു വേണ്ടിയായി രിക്കുകയില്ല. മറ്റ് ആരാധനകളും അവനുവേണ്ടിയാ യിരിക്കുകയില്ല. എല്ലാം പ്രദർശനമായിരിക്കും. കാരണം ഭയഭക്തി എന്നു പറയുന്നത് അല്ലാഹുവിന്റെ സകല കല്പനകളും അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക എന്നതാണ്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗങ്ങളാണെന്ന് അവകാശപ്പെടുന്ന ഓരോ അഹ്മദിയും തങ്ങളുടെ ഓരോ കർമ്മവും ഭയഭക്തിയോടുകൂടി ചെയ്യുമ്പോ ഴാണ് ഈ പെരുന്നാളിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുന്നവരായിത്തീരുക. ദൈവഭയത്തോടു കൂടിയുള്ള ഈ ത്യാഗത്തെ സംബന്ധിച്ച് അല്ലാഹു വിന്റെ റസൂലേ, ഈ ബലി എന്താണെന്ന് ഒരാൾ ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു. ഇത് നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ സുന്നത്താണ്. അതു കൊണ്ട് ഞങ്ങൾക്കുള്ള നേട്ടമെന്താണെന്ന് ചോദി ച്ചപ്പോൾ പറഞ്ഞു. ബലിയറുക്കുന്ന മൃഗത്തിന്റെ ഓരോ രോമത്തിനും പകരം ഓരോ നന്മ ലഭിക്കും. സഹാബത്ത് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, ഒട്ട കത്തെ അറുത്താലോ? ഒട്ടകത്തിന്റെ ഓരോ രോമ ത്തിനും പകരം ഓരോ നന്മ കിട്ടും.

ബലിമൃഗത്തിന്റെ രക്തം മണ്ണിൽ വീഴുന്നതിനു മുമ്പേ, ബലി അറുക്കുന്നവൻ അല്ലാഹുവിന്റെ സന്നി ധിയിൽ ഒരു പദവി പ്രാപിക്കുമെന്നും മറ്റൊരു നിവേ ദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബലിയി ലൂടെ നിങ്ങൾ നിങ്ങളുടെ മനസ്സിന് സന്തോഷം പക രുക. ഇതിന്റെ അർത്ഥം ഈ ബലികൾ ഭയഭക്തി യോടുകൂടി ചെയ്യുക എന്നതാണ്. അത് ഇബ്റാഹിം (അ)ന്റെ സുന്നത്തനുസരിച്ച് ചെയ്യേണ്ടതാണ്. ഹദ്റത്ത് ഇബ്റാഹീം(അ) ആരെയെങ്കിലും കാണി ക്കുന്നതിനുവേണ്ടി ഈ ത്യാഗം ചെയ്തില്ല. മറിച്ച്, ഭയഭക്തിനിറഞ്ഞ ഹൃദയത്തോടെയാണ് ആ ധന്യാ ത്മാവ് അത് ചെയ്തത്. ഈ ഹദീസിൽനിന്ന്, ബലി യറുത്തു, പാപം പരിഹരിക്കപ്പെട്ടു എന്ന് ആരും കരു തേണ്ട. ഈ നിലയിലാണ് മറ്റുള്ളവർ ഇന്ന് ബലിയ റുക്കുന്നത്. അവർ അല്ലാഹുവിന്റെ കല്പനക്ക് വിധേ യരായി പ്രവർത്തിക്കുന്നില്ല. ബലി അറുക്കുന്നതി നായി ആയിരക്കണക്കിന് രൂപ ചെലവഴിക്കുന്നു മുണ്ട്.

ഖുർആന്നെതിരിൽ നബി(സ) ഒന്നും പറയു മായിരുന്നില്ല. ഈ വിശുദ്ധഗ്രന്ഥം ഇറങ്ങിയതും നബി തിരുമേനിക്കാണ്. അപ്പോൾ ഈ ഹദീസിന്റെ ഉദ്ദേശ്യം ഈ പറഞ്ഞതുതന്നെയാണ്. അതായത്, ഭയ ഭക്തിയിലൂടെ നടന്നും ഇബ്റാഹീം നബിയുടെ സുന്ന ത്തിനെമനസ്സിലാക്കിയുംകൊണ്ട് നിങ്ങൾ ഈ ബലി യറുക്കുമ്പോൾ അല്ലാഹു വിവിധ രീതിയിൽ തന്റെ ദാസന് പൊറുത്തുകൊടുക്കാൻ ആഗ്രഹിക്കുന്നു. അവന്റെ ബലിമൃഗത്തിന്റെ രക്തത്തിനും രോമ ത്തിനും മറ്റ് അവയവങ്ങൾക്കും പകരം നന്മകൾ എഴു തുന്നു. ആയതിനാൽ, ഇക്കാര്യം നമുക്ക് സന്തോഷം പകരുന്നതിനോടൊപ്പം നമ്മുടെമേൽ വലിയ ഉത്തര വാദിത്തവും ഇടുന്നുണ്ടെന്ന് ഓർമ്മിക്കുക. അതായ ത്, ഈ നന്മകൾ നമ്മുടെ പേരിൽ എഴുതുന്നതിനായി ആ കർമ്മങ്ങൾ നാം ചെയ്യേണ്ടതാണ്. ഇതുസംബ ന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലാഹു ഇസ്‌ലാമിക ശരീഅത്തിൽ അത്യാ വശ്യമായ ഒരുപാട് കാര്യങ്ങൾക്ക് മാതൃക കാണിച്ചു തന്നിരിക്കുന്നു. മനുഷ്യൻ തന്റെ എല്ലാ കഴിവുകളോ ടുംകൂടി അവന്റെ വഴിയിൽ ബലിയാകാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. ബാഹ്യമായ ബലികൾ ഇതേ അവസ്ഥ പ്രാപിക്കുന്നതിനായിട്ടാണ് നിശ്ചയിച്ചിട്ടു ള്ളത്. പക്ഷേ, യഥാർത്ഥത്തിലുള്ള ബലി അല്ലാഹു

പറയുന്നത് ഇങ്ങനെയാണ്. ***ലൻയ്യനാലല്ലാഹ ലുഹൂ മുഹാ വലാ ദിമാഉഹാ വലാക്കിൻയ്യനാലുഹു ത്തഖ്‌വാ മിൻകും*** അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയഭക്തിയാണ് അവന് എത്തുന്നത്. (22:38). അതായത്, അവന്റെ വഴിയിൽ മരിക്കുംവിധം അവനെ ഭയപ്പെടുക. എപ്രകാരം നിങ്ങൾ നിങ്ങളുടെ കൈകൊണ്ട് ബലിയറുക്കുന്നുവോ അപ്രകാരം നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ബലിയറുക്കപ്പെടുക. ഭയഭക്തി ഈ പദവിയേക്കാൾ കുറഞ്ഞവൻ ന്യൂനനാണ്. ഇങ്ങനെ നാം നമ്മെ വിലയിരുത്തുകയും യഥാർത്ഥത്തിൽ നാം അല്ലാഹുവിന്റെ വഴിയിൽ ബലിയറുക്കപ്പെടാൻ സന്നദ്ധരാണോ എന്ന് നോക്കുകയും ചെയ്യുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നാം ഭയഭക്തിയിൽ പദമൂന്നുന്നവരാണെന്ന് നമുക്ക് പറയാൻ കഴിയും. അല്ലാഹു നമുക്ക് അതനുസരിച്ച് പ്രവർത്തിക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഇതുസംബന്ധമായി വഖ്ഫെനൗ കുട്ടികളെക്കുറിച്ചും ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഇവരുടെ ബന്ധം മാതാപിതാക്കളുമായിട്ടാണ്. പ്രായപൂർത്തിയായ കുട്ടികളുമായിട്ടുമാണ്. കുട്ടികൾ ജനിക്കുന്നതിന് മുമ്പേ മാതാപിതാക്കൾ അവരെ വഖ്ഫ് ചെയ്യുന്നു. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് ഇൻശാഅല്ലാഹ്. തുടർന്നുകൊണ്ടേയിരിക്കുന്നതുമാണ്. ഒന്നാമതായി മാതാപിതാക്കൾ തങ്ങളുടെ രക്ഷിതാവിന് നന്ദി കാണിക്കുക. കാരണം അവരുടെ കുട്ടികളുടെ ഭാവി സുന്ദരമാക്കി തീർക്കുന്നതിനുവേണ്ടി ഒരു മാർഗ്ഗം അവൻ കനിഞ്ഞരുളിയിരിക്കുകയാണ്. അല്ലാഹു തന്റെ ദീനിന്റെ സേവനത്തിനായി അവസരം നൽകിയവരേക്കാൾ ഭാഗ്യവാന്മാർ മറ്റാരുമില്ല. കുട്ടികളെ സമർപ്പിച്ചതിനുശേഷം ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്ത ദുആയും സ്ഥിരമായി ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അതായത്, ***റബ്ബിഹബ്ലി മിനസ്വാലിഹീൻ*** എന്റെ നാഥാ, എനിക്ക് സാത്വികരായ മക്കളെ തരേണമേ. വഖ്ഫെനൗ സൈന്യത്തിൽ ചേർന്നുകഴിഞ്ഞിട്ടുള്ള കുട്ടികളുടെ മാതാപിതാക്കൾ തീർച്ചയായും ഈ ദുആ തങ്ങളുടെ മക്കൾക്കുവേണ്ടി ചെയ്തിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എന്തായാലും ഇപ്പോൾ അവർ തങ്ങളുടെ കുട്ടികളെ സമർപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. എന്നല്ല, ആയിരക്കണക്കിന് കുട്ടികളെ വഖ്ഫ് ചെയ്തുകൊണ്ടുമിരിക്കുന്നു. ജനിക്കാൻ പോകുന്ന മക്കൾ സാത്വികരായിത്തീരുന്നതിനും അവർ യഥാർത്ഥത്തിൽ വഖ്ഫിന്റെ ആവശ്യം പൂർത്തിയാക്കുന്നവരായി മാറുന്നതിനും വേണ്ടി ദുആ ചെയ്യുക. കുട്ടികൾ ജനിക്കുകയും ഇപ്പോൾ വലിയവരായിത്തീരുകയും ചെയ്തിട്ടുള്ള മാതാപിതാക്കളും സ്ഥിരമായി തങ്ങളുടെ മക്കൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ആ മക്കൾ, കണ്ണിന് കുളിർമ്മ നല്കുന്നവരും നന്മകളിലൂടെ ചരിക്കുന്നവരും വഖ്ഫിന്റെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നവരും പരിശുദ്ധരായ മക്കളിൽ ഉൾപ്പെടുന്നവരും ആയിത്തീരുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുക. പക്വപ്രായമെത്തുമ്പോൾ അവരുടെ മറുപടിയും ഇസ്മായീൽ നബി(അ) നൽകിയ മറുപടിയായിരിക്കേണ്ടതാണ്. ചില നിവേദനങ്ങളിൽനിന്നും മനസ്സിലാകുന്നത് തന്റെ പിതാവിന് മറുപടി കൊടുത്തപ്പോൾ ഹദ്റത്ത് ഇസ്മായീൽ (അ)ന്റെ പ്രായം 12, 13 വയസ്സായിരുന്നുവെന്നാണ്. ***സതജിദുനീ ഇൻശാഅല്ലാഹു മിനസ്സ്വാബിരീൻ*** അല്ലാഹു ഉദ്ദേശിക്കുന്നതായാൽ സഹനം കൈക്കൊള്ളുന്നവരിൽ ഒരുത്തനായി താങ്കൾക്ക് എന്നെ കാണാം (37:103)

വഖ്ഫെ നൗ കുട്ടികൾ ഈ പ്രായത്തിലെത്തിക്കഴിഞ്ഞാൽ ഇക്കാര്യങ്ങളിലൊക്കെ പൂർണ്ണബോധവന്മാരായിരിക്കണം. അതായത് വഖ്ഫെനൗ എന്താണെന്ന് അവർ അറിഞ്ഞിരിക്കണം. ചില മാതാപിതാക്കൾ ഇതിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കാറില്ല. അവരിൽ ഈ ബോധമുണ്ടാക്കേണ്ടത് മാതാപിതാക്കളുടെ ജോലിയാണ്. മാതാപിതാക്കളുടെ ഭയഭക്തിയുടെ നില മികച്ചതാണെങ്കിൽ മാത്രമേ, അവരുടെ അവസ്ഥ ഇബ്രാഹീം(അ)ന്റെ സുന്നത്തനുസരിച്ചിട്ടുള്ളതായെങ്കിൽ മാത്രമേ അവർക്ക് ഇസ്മായീൽ നൽകിയ മറുപടി അവരുടെ മക്കളിൽനിന്ന് ലഭിക്കുകയുള്ളൂ. അതുകൊണ്ട് ഈ ഉത്തരവാദിത്തം ജമാഅത്തിന്റേതു മാത്രമല്ല പ്രത്യുത, വലിയ ഉത്തരവാദിത്തം മാതാപിതാക്കളുടേതാണ്. കുട്ടികൾ വലുതായി നമ്മുടെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ കഴിവുള്ളവരായിത്തീരുംവിധം അവർക്ക് ശിക്ഷണം നൽകേണ്ടതാണ്. മാതാപിതാക്കൾ തങ്ങളുടെ ഭയഭക്തിയുടെ നില മെച്ചപ്പെടുത്തിയെങ്കിൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. ഇതിന്റെ ഫലമായി മറ്റു മക്കളും ഫലം കൊയ്യുന്നതായിരിക്കും. അതുകൊണ്ട് മാതാപിതാക്കളും ഈ ത്യാഗത്തിന്റെ ആത്മാവിനെ തിരിച്ചറിയുക. ത്യാഗം ചെയ്യാൻ ഇസ്മായീൽ(അ) മാത്രമല്ല തയ്യാറായത്. ഹദ്റത്ത് ഹാജറായും ഹദ്റത്ത് ഇബ്റാഹീമും ത്യാഗം ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കളുടെ ജോലി വളരെ വലുതാണ്. എന്റെ അഭിപ്രായത്തിൽ ഹദ്റത്ത് ഖലീഫത്തുൽ റാബിഅ്(റഹ്)ന്റെ ഈ ദൈവികപദ്ധതി മുഴു

വൻ സമൂഹത്തിനുമുള്ളതാണ്. കുട്ടികളെ വഖ്ഫ് ചെയ്തു. അതോടെ എല്ലാം കഴിഞ്ഞു എന്ന് മനസ്സിലാക്കരുത്. ഇത് തുടർന്നുകൊണ്ടേ പോകുന്ന സംഗതിയാണെന്ന് ഞാൻ പറയുകയുണ്ടായി. ഇപ്രകാരം പരമ്പര പരമ്പരയായി ത്യാഗങ്ങൾ വരിച്ചുകൊണ്ടു പോകേണ്ട ആവശ്യമുണ്ട്. കുട്ടി ജമാഅത്തിന് ഫലം ചെയ്യുന്ന അവസ്ഥ പ്രാപിക്കുന്നതുവരെ ഇത് തുടർന്നുകൊണ്ടേ പോകേണ്ടതാണ്. നീ വഖ്ഫ് ആണെന്നും നിന്റെ പ്രഥമജോലി ദീനിന് സേവനം ചെയ്യുകയാണെന്നുമുള്ള ബോധം ചെറുപ്പം മുതലേ കുട്ടികളുടെ മനസ്സിൽ കുടിയിരുത്തേണ്ടതാണ്. നീ ദീനീപരമായ അറിവ് സമ്പാദിക്കുക. നീ മുബല്ലിഗാകേണ്ടവനാണ് എന്നും ഉപദേശിക്കുക. ഇതനുസരിച്ച് അവൻ ചെറുപ്പം മുതലേ അവന്റെ മനസ്സ് പാകപ്പെടുത്തിയെടുക്കുന്നതാണ്. നല്ലവണ്ണം പഠിക്കുകയും അവസാനം അവൻ ദീനീപരമായ വിഷയം തിരഞ്ഞെടുക്കുകയും ചെയ്യും. എന്തായാലും, ജമാഅത്തിന് തർബിയ്യത്തിനും തബ്‌ലീഗിനുമായി ഒരുപാടൊരുപാട് കുട്ടികളെ ആവശ്യമുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ ആവശ്യങ്ങൾ നമുക്ക് പൂർത്തിയാക്കാൻ പറ്റുകയുള്ളൂ. ഡോക്ടർമാർ, ടീച്ചർമാർ, എഞ്ചിനീയർമാർ ഇവരെയൊക്കെ നമുക്കാവശ്യമുണ്ട്. പക്ഷേ, കൂടുതൽ വേണ്ടത് ദീൻ പഠിക്കുന്നവരേയും ജാമിഅയിൽ പഠിക്കാൻ സന്നദ്ധരാകുന്നവരേയുമാണ്. മാതാപിതാക്കൾ ചെറുപ്പം മുതലേ ഇക്കാര്യങ്ങൾ കുട്ടികളുടെ മനസ്സിൽ ഇട്ടുകൊടുത്താൽ അധികം കുട്ടികളും ഇതിലേക്ക് തിരിയുന്നതാണ്. അതിനായി നാം ഭയഭക്തിയിലൂടെ നടക്കുകയും അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്താൽ അവൻ അനുഗ്രഹിക്കുന്നതാണ്, സഹായിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

പക്വപ്രായമെത്തിയ വഖ്ഫെനൗ കുട്ടികളും നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക. വഖ്ഫെനൗയിൽ പങ്കെടുത്തു എന്നത് നിങ്ങൾക്കും നിങ്ങളുടെ മാതാപിതാക്കൾക്കും അഭിമാനാർഹമായി തീരുന്നത് നിങ്ങൾ ഈ ത്യാഗത്തിന്റെ നിലയെക്കുറിച്ച് അറിയുമ്പോഴാണ്. ആ ത്യാഗം ഹദ്റത്ത് ഇസ്‌മായീൽ (അ) സ്ഥാപിച്ചതാണ്. അദ്ദേഹം സ്ഥാപിച്ച പരീക്ഷണത്തിലേക്ക് നിങ്ങൾ ഇറങ്ങിച്ചെല്ലുക. അത് താൽക്കാലിക പരീക്ഷണമായിരുന്നില്ല. അത് തലമുറതലമുറയായി നിലനില്ക്കേണ്ട ത്യാഗത്തിന്റെ പരീക്ഷണമായിരുന്നു.

പക്വപ്രായമെത്തിയാൽ നിങ്ങൾ നിങ്ങളെ ദീനീപരമായ വിദ്യാഭ്യാസത്തിന് അർപ്പണം ചെയ്യുക. ജാമിആയുടെ നിലവാരത്തിലേക്ക് പൂർണ്ണമായും ഇറങ്ങിച്ചെല്ലാൻ കഴിയുന്നില്ലെങ്കിൽ ജമാഅത്തുമായി കൂടിയാലോചിച്ച് ജമാഅത്തിന് ആവശ്യമായിട്ടുള്ള വഴി തിരഞ്ഞെടുക്കുക. എന്തായാലും ജമാഅത്തിന് ഫലമുണ്ടാകുന്നതായിരിക്കണം അത്.

മാർക്ക് കുറഞ്ഞാൽ മദ്രസയിലേക്ക് പോകാം. മാർക്ക് കൂടുകയും ഡിസ്റ്റിംഗ്ഷൻ കിട്ടുകയും ചെയ്താൽ ഡോക്ടർ ആകാം, അല്ലെങ്കിൽ ഇന്നതാകാം എന്ന ധാരണ ശരിയല്ല. ഭാവി തിരഞ്ഞെടുക്കേണ്ടത് എങ്ങനെയെന്ന് കുട്ടിക്കാലം മുതൽക്കേ മനസ്സിലാക്കിയ ഭാഗ്യവാന്മാരാണ് നിങ്ങൾ. അവസാന നിമിഷത്തിലും ഏത് മാർഗ്ഗം സ്വീകരിക്കണമെന്ന് അറിയാതെ അലയുന്ന ഒരുപാട് കുട്ടികൾ ഇന്ന് ലോകത്തുണ്ട്. ഇത്തരക്കാരുടെ സംഖ്യ നിരവധിയാണ്. എന്നാൽ നേരായ ഒരു വഴി നിങ്ങൾക്ക് കിട്ടി എന്നത് മഹാഭാഗ്യമാണ്. തെറ്റിപ്പോകുന്നതിന് പകരം അത് സ്വീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

മാതാപിതാക്കളുടേയും ജമാഅത്തിന്റേയും പ്രാർത്ഥനകൾ നിങ്ങളോടൊപ്പമുണ്ട്. അത് നിങ്ങളുടെ ഭാഗ്യമാണ്. അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹവും ഉണ്ട്. കാരണം നിങ്ങൾ അല്ലാഹുവിനുവേണ്ടി തൃഗം വരിക്കുമെന്ന് പ്രതിജ്ഞ ചെയ്തവരാണ്. അല്ലാഹു എല്ലാ വാഖ്ഫീനെ നൗ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വഖ്ഫ് ചെയ്ത് ദീനീ സേവനം ചെയ്യുന്നവർക്കും അവരുടെ ത്യാഗത്തിന്റെ ഉന്നതമായ നില കാഴ്ചവെക്കാൻ ഭാഗ്യം നല്കുമാറാകട്ടെ.

പാക്കിസ്ഥാനിലെ ഇരുമ്പഴിക്കുള്ളിൽ ജീവിതം കഴിച്ചുകൂട്ടുന്ന അഹ്മദികൾക്കായി ദുആ ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുകയും ചെയ്തു എന്ന തെറ്റ് മാത്രമാണ് അവർ ചെയ്തത്. ശുഹദായെ അഹ്മദിയ്യത്തിനും അവരുടെ ഭാര്യാമക്കൾക്കും വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ ത്യാഗം സ്വീകരിക്കുമാറാകട്ടെ. നല്ല പ്രതിഫലം നല്കുമാറാകട്ടെ. ജമാഅത്തിനുവേണ്ടി സേവനം ചെയ്യുന്നവരേയും ദുആയിൽ ഓർക്കുക.

ഇവിടെ ഖാദിയാനിൽ താമസിക്കുന്നവർ എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. പുതിയതായി ഇവിടെ വരുന്നവരും അല്ലെങ്കിൽ ദർവേശുമാരുടെ മക്കളും ഓർക്കേണ്ടതാണ്. ദർവേശുമാർ തുടർച്ചയായി നിരവധി ത്യാഗം വരിച്ചവരാണ്. അവരുടെ ത്യാഗങ്ങളെ ജീവസ്സുറ്റതാക്കിത്തീർക്കാൻ ഈ നാട്ടിൽ താമസിച്ചുകൊണ്ട് നിങ്ങളുടെ ഭയഭക്തിയുടെ നില മെച്ചപ്പെടുത്തുക. അല്ലാഹുവിനോട് സഹായം

തേടുക. നിങ്ങളുടെ കർമ്മങ്ങളെ സംരക്ഷിക്കുക. ഈ ഖുത്ബ കേൾക്കുന്ന ലോകം മുഴുവനുമുള്ളവർ ഇവിടുത്തെ ആദ്യകാല ദർവേശുമാരെ തങ്ങളുടെ ദുആയിൽ ഓർക്കുക. അല്ലാഹുവിന് മുമ്പിൽ ഹാജരായിട്ടുള്ളവരും ത്യാഗത്തിന്റെ മാതൃക സ്ഥാപിച്ചുകൊണ്ട് അവനിലേക്ക് മടങ്ങിയവരുമായ ദർവേശുമാരുടെ പദവികൾ അല്ലാഹു ഉയർത്തുമാറാകട്ടെ.

ഇപ്പോൾ ജീവിച്ചിരിക്കുന്ന ദർവേശുമാരുടെ ആയുസ്സിൽ അവൻ ബർക്കത്ത് നല്കുമാറാകട്ടെ. അവരുടെ മക്കൾക്കും തങ്ങളുടെ പൂർവ്വമഹാത്മാക്കളുടെ കാലടിപ്പാടുകളിലൂടെ നടക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ.

പാക്കിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹു അവരേയും തുടർച്ചയായി ഉണ്ടാകുന്ന പരീക്ഷണങ്ങളിൽനിന്നും പുറത്തുകൊണ്ടുവരുമാറാകട്ടെ. വഴിയിലെ തടസ്സങ്ങളൊക്കെ നീക്കുമാറാകട്ടെ. അവരുടെ ഭയഭക്തിയുടെ നില ഉയർത്തുമാറാകട്ടെ. അവരുടെ സദുദ്ദേശ്യവും പ്രാർത്ഥനകളും സ്വീകരിക്കുമാറാകട്ടെ. പലരും എനിക്ക് എഴുതുന്നു: അങ്ങ് ഞങ്ങളുടെ അടുത്തെത്തി. പക്ഷേ പരിതസ്ഥിതികൾ ഞങ്ങളെ അനുവദിക്കാത്തതുകൊണ്ട് ഞങ്ങൾക്ക് വന്നുകാണാൻ കഴിയുന്നില്ല.

പാക്കിസ്ഥാനിലെ അഹ്മദികളോട് ഞാൻ പറയട്ടെ, ഇന്ന് നിങ്ങളുടെ മനസ്സ് ദുഃഖവികാരത്താൽ നിറഞ്ഞിരിക്കുകയാണ്. ഈ വികാരത്തെ, ഈ വേദനയെ കണ്ണീരിലലിയിച്ച് അല്ലാഹുവിന് മുമ്പിൽ സമർപ്പിക്കുക; അല്ലാഹു ഈ പരീക്ഷണത്തിന്റേയും വേർപാടിന്റേയും നാളുകൾ എത്രയും വേഗം അവസാനിപ്പിക്കുന്നതിനു വേണ്ടി.

ബംഗ്ലാദേശ്, ഇന്തോനേഷ്യ ഇപ്രകാരംതന്നെ ഇന്ത്യയിലെ പല സ്ഥലങ്ങളിലും അഹ്മദികളുടെ മേൽ അക്രമം നടന്നുകൊണ്ടിരിക്കുന്നു. അല്ലാഹു അവരുടെ എല്ലാ പ്രയാസങ്ങളും അകറ്റുമാറാകട്ടെ. ശത്രുക്കളുടെ എല്ലാ ദ്രോഹങ്ങളിൽനിന്നും അവരെ കാത്തുരക്ഷിക്കുമാറാകട്ടെ. അവരുടെ ഈമാൻ ശക്തിയുള്ളതാക്കിത്തീർക്കട്ടെ. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പതാക ലോകം മുഴുവൻ നാട്ടുന്നവരായിത്തീരുന്ന ആ നാളുകൾ എത്രയും വേഗം നമുക്ക് കാണിച്ചുതരുമാറാകട്ടെ.

## വലിയപെരുന്നാൾ ഖുത്ബ


Eid Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.1.2006 at Qadian, Darul Aman

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala